ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 11.12.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) രാജ്യത്തെ തദ്ദേശ തെരഞ്ഞെടുപ്പ് നിഷ്പക്ഷവും സുതാര്യവുമായിരിക്കണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. 2024 ലെ ദേശീയ പഞ്ചായത്ത് പുരസ്കാരങ്ങൾ രാഷ്ട്രപതി ന്യൂഡൽഹിയിൽ സമ്മാനിച്ചു

   **President Draupadi Murmu has said that local body elections in the country should be fair and transparent. President conferred National Panchayat Awards 2024 in New Delhi.**

2) യുവതലമുറയാണ് രാജ്യത്തിൻറെ ശക്തിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. വികസിത ഭാരതമെന്ന ലക്ഷ്യം കൈവരിക്കുന്നതിന് രാജ്യം ശരിയായ പാതയിൽ മുന്നേറുന്നതായി പ്രധാനമന്ത്രി

   **Prime Minister Narendra Modi said that the young generation is the strength of our country. The Prime Minister said that the country is on the right track to achieve the goal of vikasit bharat..**

3) റെയിൽവെ ഭേദഗതി ബിൽ പാസാക്കി ലോക്സഭ. പാർലമെന്റിന്റെ ഇരുസഭകളിലും പ്രതിപക്ഷ ബഹളത്തിൽ നടപടികൾ തടസ്സപ്പെട്ടു.

   **The Lok Sabha passes the Railway (Amendment) Bill. Proceedings were disrupted in both houses of Parliament due to opposition uproar.**

4) പ്രമേഹ ബാധിതരുടെ എണ്ണം ഗണ്യമായ കുറയ്ക്കുന്നതിന് കേരളം ആക്ഷൻ പ്ലാൻ തയ്യാറാക്കുമെന്ന് മന്ത്രി വീണാ ജോർജ്.

   **Minister Veena George said that Kerala will prepare an action plan to significantly reduce diabetic patients.**

5) ലോക ചെസ് ചാമ്പ്യൻഷിപ്പിൽ 13ാം മത്സരത്തിൽ ഡി ഗുകേഷ് - ഡിങ് ലിറെൻ മത്സരം പുരോഗമിക്കുന്നു. ഇന്ത്യ - ഓസിസ് വനിതാ ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിൽ ഇന്ത്യയ്ക്ക് പരാജയം.

**The 13th match of the World Chess Championship between D Gukesh and Ding Liren is progressing. In Women's Cricket, Australia beat India in the third ODI**

## PRESIDENT (INTRO)

രാജ്യത്തെ തദ്ദേശ തെരഞ്ഞടുപ്പ് നിഷ്പക്ഷവും സുതാര്യവുമായിരിക്കണെമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. 2024 ലെ ദേശീയ പഞ്ചായത്ത് പുരസ്കാരങ്ങൾ ന്യൂഡൽഹിയിൽ സമ്മാനിക്കുകയായിരുന്നു രാഷ്ട്രപതി. നാടിൻറെ നന്മ മുൻ നിർത്തിയായിരിക്കണം ജനപ്രതിനിധികളെ തെരഞ്ഞെടുക്കേണ്ടതെന്നും ശ്രീമതി മുർമു പറഞ്ഞു.

**HOLD VOICE**

ഗ്രാമീണ മേഖലയെ ശാക്തീകരിക്കുന്നതിലൂടെ മാത്രമേ രാജ്യവികസനം സാധ്യമാകൂയെന്നും രാഷ്ട്രപതി പറഞ്ഞു. വിവിധ വിഭാഗങ്ങളിലായി 45 പുരസ്കാരങ്ങളാണ് വിതരണം ചെയ്തത്. കേരളത്തിൽ നിന്ന് മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ പഞ്ചായത്തും, കിലയും പുരസ്കാരം ഏറ്റുവാങ്ങി.

## VP. MARITIME HERITAGE CONCLAVE

ഗുജറാത്തിലെ നാഷണൽ മാരിടൈം ഹെറിറ്റേജ് കോംപ്ലക്സ് ഭാവി തലമുറയ്ക്ക് പ്രചോദനമാണെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. ന്യൂഡൽഹിയിൽ ഇന്ത്യ മാരിടൈം ഹെറിറ്റേജ് കോൺക്ലേവ് 2024-നെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഏഴായിരത്തിലധികം കിലോമീറ്റർ തീരപ്രദേശമുള്ള സമുദ്ര ശക്തികേന്ദ്രമാണ് ഇന്ത്യയെന്ന് ഉപരാഷ്ട്രപതി പറഞ്ഞു. കേന്ദ്ര മന്ത്രിമാരായ സർബാനന്ദ സോനോവാൾ, ഗജേന്ദ്രസിംഗ് ശെഖാവത്, മൻസൂക് മാണ്ഡവ്യ എന്നിവരും ചടങ്ങിൽ സംബന്ധിച്ചു.

## PM-YOUNG INNOVATORS -(INTRO)

യുവതലമുറയാണ് രാജ്യത്തിൻറെ ശക്തിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സ്റ്റാർട്ട് ഇന്ത്യ ഹാക്കത്തോൺ മത്സരാർത്ഥികളുമായി വീഡിയോ കോൺഫറൻസിങ്ങിലൂടെ സംവദിക്കുകയായിരുന്നു അദ്ദേഹം. വികസിത ഭാരതമെന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള ശരിയായ പാതയിലൂടെയാണ്

രാജ്യം സഞ്ചരിക്കുന്നത്. 21-ാം നൂറ്റാണ്ടിലെ ഇന്ത്യയെ കുറിച്ച് വ്യത്യസ്ത കാഴ്ചപ്പാടുള്ളവരാണ് ഇന്നത്തെ യുവ തലമുറയെന്നും ശ്രീ നരേന്ദ്ര മോദി പറഞ്ഞു

**(voice - pm)**

രാജ്യത്തെ 51 കേന്ദ്രങ്ങളിലായാണ് സ്റ്റാർട്ട് ഇന്ത്യ ഹാക്കത്തോൺ ഗ്രാൻഡ് ഫിനാലെ നടന്നത്. കേരളത്തിൽ നിന്നും കാഞ്ഞിരപ്പള്ളി അമൽ ജ്യോതി എഞ്ചിനീയറിങ് കോളേജ് ഹാക്കത്തോണിന് വേദിയായി.

## PARLIAMENT

റെയിൽവേ (ഭേദഗതി) ബിൽ 2024 ലോക്സഭ പാസാക്കി. ശബ്ദവോട്ടോടെയാണ് ബിൽ പാസ്സാക്കിയത്. 1989 ലെ റെയിൽവേ നിയമം ഭേദഗതി ചെയ്യുന്ന ബിൽ റെയിൽവേ ബോർഡിന്റെ അധികാരം വർദ്ധിപ്പിക്കാനും പ്രവർത്തന സ്വാതന്ത്ര്യം മെച്ചപ്പെടുത്താനും ലക്ഷ്യമിടുന്നു. നിയമ ഘടന ലഘൂകരിക്കുന്നതിനാണ് ബിൽ കൊണ്ടുവന്നതെന്ന് ബില്ലിന്മേലുള്ള ചർച്ചയ്ക്ക് മറുപടിയായി റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. ദുരന്ത നിവാരണ ഭേദഗതി ബിൽ 2024 ലോക്സഭയിൽ ചർച്ചയ്ക്കെടുത്തു. വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറിൻറെ ഇരുസഭകളിലും നടപടികൾ ഇന്ന് തടസ്സപ്പെട്ടിരുന്നു.

## LS - FAKE NEWS

കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട വ്യാജ വാർത്തകൾ കണ്ടെത്തുന്നതിന് 2019 ൽ രൂപീകരിച്ച PIB-ഫാക്ട് ചെക്ക് യൂണിറ്റ്, പൊതുജനങ്ങൾക്കും ആധികാരിക വിവരങ്ങൾ ലഭ്യമാക്കുന്നുണ്ടെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ. മുരുഗൻ. ലോക്സഭയിൽ രേഖാമൂലം നൽകിയ മറുപടിയിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. കേന്ദ്ര മന്ത്രാലയങ്ങൾ, വകുപ്പുകൾ എന്നിവയുമായി ബന്ധപ്പെട്ട വാർത്തകൾ പ്രത്യേക PIB യൂണിറ്റ് പരിശോധിച്ചാണ് സമൂഹ്യമാധ്യമങ്ങളിൽ നൽകുന്നതെന്നും ശ്രീ എൽ.മുരുഗൻ പറഞ്ഞു.

## EVE. PM-TAMIL POET

തമിഴ് കവിയും സ്വാതന്ത്ര്യ സമര സേനാനിയുമായ സുബ്രഹ്മണ്യ ഭാരതിയുടെ സമ്പൂർണ കൃതികളുടെ സമാഹാരം പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ പ്രകാശനം ചെയ്തു. സമൃദ്ധ ഭാരതം,

വ്യക്തിഗത ശാക്തീകരണം എന്നിവയെ അടിസ്ഥാനമാക്കിയുള്ള സുബ്രഹ്മണ്യ ഭാരതിയുടെ ദർശനങ്ങൾ തലമുറകൾക്ക് പ്രചോദനമാണെന്ന് ശ്രീ മോദി പറഞ്ഞു. മഹാകവി സുബ്രഹ്മണ്യ ഭാരതി രചിച്ച കൃതികളുടെ സമാഹാരം പുറത്തിറക്കാൻ സാധിച്ചതിൽ അഭിമാനിക്കുന്നതായും അദ്ദേഹം അറിയിച്ചു.

## RBI NEW GOVERNOR

കാലാവസ്ഥാ വ്യതിയാനം, രാഷ്ട്രീയ അനിശ്ചിതത്വം എന്നിവയാൽ ചലനാത്മകമായ ആഗോള അന്തരീക്ഷത്തിൽ സ്ഥിരത നിലനിർത്തേണ്ടത് പ്രധാനമാണെന്ന് ആർബിഐ ഗവർണർ സഞ്ജയ് മൽഹോത്ര. നയപരമായ കാര്യങ്ങളിൽ സ്ഥിരതയ്ക്ക് മുൻഗണന നൽകുന്നത് ആർബിഐ തുടരും. നിലവിലെ ആഗോള സാമ്പത്തികാവസ്ഥകളോട് സെൻട്രൽ ബാങ്ക് ജാഗ്രത പുലർത്തുമെന്നും ശ്രീ സഞ്ജയ് മൽഹോത്ര വ്യക്തമാക്കി.

## KARNATAKA- CM STATE HONORS

മുൻ വിദേശകാര്യമന്ത്രിയും കർണാടക മുൻ മുഖ്യമന്ത്രിയുമായിരുന്ന എസ് എം കൃഷ്ണയ്ക്ക് വിട. മാണ്ഡ്യ ജില്ലയിലെ സോമനഹള്ളിയിൽ പൂർണ ഔദ്യോഗിക ബഹുമതികളോടെ സംസ്കാരം നടന്നു. നിരവധി പേരാണ് അദ്ദേഹത്തിന് അന്ത്യാഞ്ജലി അർപ്പിക്കാൻ എത്തിയത്.

## BYELECTION

സംസ്ഥാനത്തെ 31 തദ്ദേശ വാർഡുകളിൽ നടന്ന ഉപതിരഞ്ഞെടുപ്പിൽ യു.ഡി. എഫിന് മുന്നേറ്റം.16 വാർഡിൽ യുഡിഎഫും, 11 ഇടത്ത് എൽഡിഎഫും, മൂന്നിടത്ത് എൻഡിഎയും ഒരു വാർഡിൽ സ്വതന്ത്ര സ്ഥാനാർത്ഥിയും വിജയിച്ചു. കഴിഞ്ഞ തവണത്തേക്കാൾ യു.ഡി.എഫ് മൂന്ന് വാർഡുകൾ അധികമായി നേടിയപ്പോൾ, എൽ.ഡി.എഫിന് മൂന്ന് സീറ്റുകൾ നഷ്ടപ്പെടുകയാണുണ്ടായത്. നാട്ടിക, കരിമണ്ണൂർ, തച്ചമ്പാറ പഞ്ചായത്തുകളുടെ ഭരണം യുഡിഎഫ് പിടിച്ചെടുത്തു.

## THANTHAI PERIYAR

തന്തൈ പെരിയാർ സ്മാരകവും പെരിയാർ ഗ്രന്ഥശാലയും തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിൻ നാളെ വൈക്കത്ത് ഉദ്ഘാടനം ചെയ്യും. വൈക്കം സത്യാഗ്രഹ ശതാബ്ദി ആഘോഷങ്ങളുടെ സമാപനച്ചടങ്ങിലും അദ്ദേഹം പങ്കെടുക്കും. മുഖ്യമന്ത്രി പിണറായി വിജയൻ ചടങ്ങിന് അധ്യക്ഷത വഹിക്കും. ഉദ്ഘാടനവുമായി ബന്ധപ്പെട്ട് വൈക്കം നഗരത്തിലും പരിസരപ്രദേശങ്ങളിലും നാളെ രാവിലെ 9 മണി മുതൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. കൊച്ചി വിമാന ത്താവളത്തിൽ ഇന്ന് രാവിലെ എത്തിയ തമിഴ്നാട് മുഖ്യമന്ത്രിക്ക് എറണാകുളം കളക്ടറുടെ നേതൃത്വത്തിൽ ഊഷ്മളമായ വരവേൽപാണ് നൽകിയത്.

## VEENA GEORGE - ACTION PLAN

പ്രമേഹ ബാധിതരുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടാക്കാൻ ആരോഗ്യ വകുപ്പ് ആക്ഷൻ പ്ലാൻ തയ്യാറാക്കുമെന്ന് മന്ത്രി വീണാ ജോർജ്. പ്രമേഹ രോഗ ചികിത്സയിൽ റോഡ്മാപ്പ് തയ്യാറാക്കാൻ അന്താരാഷ്ട്ര കോൺക്ലേവ് സംഘടിപ്പിക്കും. പ്രമേഹ രോഗ ചികിത്സയിലെ നൂതന സംവിധാനങ്ങളും, ചികിത്സാ രീതികളും പരിചയപ്പെടുത്തുകയാണ് കോൺക്ലേവിൻറെ ലക്ഷ്യം.

## KERALA CABINET

പാലക്കാട് ജില്ലയിൽ കൊച്ചി-ബാംഗ്ലൂർ വ്യാവസായിക ഇടനാഴി പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി പുതുശ്ശേരിയിൽ 105 ഏക്കർ ഭൂമി സംസ്ഥാന ഓഹരി ആയി കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെൻറ് കോർപ്പറേഷന് കൈമാറാൻ സംസ്ഥാന മന്ത്രിസഭാ യോഗം അനുമതി നൽകി. സംസ്ഥാന വനിത വികസന കോർപ്പറേഷന് 175 കോടി രൂപയ്ക്കുള്ള അധിക സർക്കാർ ഗ്യാരണ്ടി 15 വർഷകാലയളവിലേക്ക് അനുവദിക്കാനും ഇന്ന് ചേർന്ന മന്ത്രിസഭാ യോഗം തീരുമാനിച്ചു.

## CRICKET

ഇന്ത്യ - ഓസ്ട്രേലിയ വനിതാ ക്രിക്കറ്റ് പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരത്തിൽ ഇന്ത്യയ്ക്ക് പരാജയം. 299 റൺസ് വിജയ

ലക്ഷ്യം പിന്തുടർന്ന ഇന്ത്യയ്ക്ക് 45.1 ഓവറിൽ 215 റൺസ് മാത്രമാണ് നേടാനായത്. ഇതോടെ എല്ലാ മത്സരങ്ങളും ജയിച്ച ഓസ്ട്രേലിയ പരമ്പര സ്വന്തമാക്കി.

# CHESS

FIDE ലോക ചെസ് ചാമ്പ്യൻഷിപ്പിൻറെ 13ാം മത്സരത്തിൽ ഇന്ത്യയുടെ ഡി ഗുകേഷ് - ചൈനീസ് താരം ഡിങ് ലിറെൻ മത്സരം പുരോഗമിക്കുന്നു. സിംഗപ്പൂരിൽ നടക്കുന്ന മത്സരത്തിൽ ഒടുവിൽ വിവരം കിട്ടുമ്പോൾ, നാല്പത് നീക്കങ്ങൾക്ക് ശേഷം ഇരുവരും ഇഞ്ചോടിഞ്ച് പോരാട്ടത്തിലാണ്. നിലവിലെ ചാമ്പ്യൻ ഡിങ് ലിറൻ 12-ാം മത്സരത്തിൽ വിജയിച്ചതോടെ സ്കോർ 6-6 എന്ന നിലയിലായിരുന്നു.

# ISL FOOTBALL

ഐഎസ്എൽ ഫുട്ബോളിൽ ചെന്നൈയിൻ എഫ്സിയും ഹൈദരാബാദ് എഫ്സിയും ഏറ്റുമുട്ടുന്നു. ചെന്നൈയിലെ ജവഹർലാൽ നെഹ്രു സ്റ്റേഡിയത്തിലാണ് മത്സരം.

# SENSEX + GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബൈ ഓഹരി സൂചിക സെൻസെക്സ് 16 പോയിൻറ് നേട്ടത്തിൽ 81,526ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 32 പോയിൻറ് നേട്ടത്തിൽ 24,642ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ വിലയിൽ വർദ്ധന. പവന് 640 രൂപ വർദ്ധിച്ച് 58, 280 രൂപയും ഗ്രാമിന് 80 രൂപ വർദ്ധിച്ച് 7,285 രൂപയുമാണ് വില.

# WEATHER

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴക്ക് സാധ്യത. ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. കേരള തീരത്ത് നാളെ മുതൽ 14 വരെയും ലക്ഷദ്വീപ് തീരങ്ങളിൽ 13, 14 തീയതികളിലും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

## IFFK

29- മത് കേരള അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന് മറ്റന്നാൾ തിരുവനന്തപുരത്ത് തിരിതെളിയും. ഈ മാസം 20 വരെ നീളുന്ന മേളയിൽ 68 രാജ്യങ്ങളിൽ നിന്നുള്ള 177 സിനിമകൾ പ്രദർശിപ്പിക്കും. ഇന്ത്യൻ ചലച്ചിത്ര രംഗത്തെ അതുല്യ പ്രതിഭ ഷബാന ആസ്മിയെ ഉദ്ഘാടന ചടങ്ങിൽ മുഖ്യമന്ത്രി ആദരിക്കും. അഭിനയരംഗത്ത് 50 വർഷം തികയ്ക്കുന്ന വേളയിലാണ് ഷബാന ആസ്മിക്ക് ഐ.എഫ്.എഫ്.എഫ്.കെയുടെ ആദരം.

आकाशवाणी